# STD - I

## അദ്ധ്യാപക സഹായി

**പാഠം – രണ്ട്   എല്ലാം സൃഷ്ടിച്ച ദൈവം   ഭാഗം – ഒന്ന്**

### ലക്ഷ്യം

ദൈവം എല്ലാവർക്കും വേണ്ടി ആകാശവും ഭൂമിയും സൃഷ്ടിച്ചു. ദൈവം സൃഷ്ടിച്ച ഈ ലോകം എത്ര സുന്ദരമാണ്. ദൈവം സൃഷ്ടിച്ചതിനെയെല്ലാം ഞങ്ങൾ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം – ഉത്പ. 1:1

പ്രകൃതിരമണീയങ്ങളായ സ്ഥലങ്ങളുടെ, വൃക്ഷങ്ങളുടെ ചിത്രം/വീഡിയോ.

കുട്ടികളെ ക്ലാസ്സുറൂമിന് പുറത്തേക്ക് കൊണ്ടുപോയി പ്രകൃതിയിലെ വസ്തുക്കളെ കാണിക്കൽ.

### പാഠത്തിന്റെ ഉള്ളടക്കം

ദൈവം നമ്മുടെ ചുറ്റും പ്രകൃതിയെ എത്രയോ മനോഹരമായി സൃഷ്ടിച്ചു. എല്ലാ സൃഷ്ടികളിലും ദൈവത്തിന്റെ കരവിരുത് കാണാം. ദൈവം സൃഷ്ടിച്ച ഒന്നിനേയും നശിപ്പിക്കുവാൻ നമുക്ക് അവകാശമില്ല. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിയേയും സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യണം. എല്ലാം സൃഷ്ടിച്ച ദൈവത്തിന് നന്ദി പറയാം.

### പ്രാർത്ഥന

ഞങ്ങൾക്കായി എല്ലാം സൃഷ്ടിച്ച ദൈവമേ അങ്ങേയ്ക്ക് നന്ദി പറയുന്നു.

### ചോദ്യങ്ങൾ

1. ദൈവം പ്രപഞ്ചത്തിൽ എന്തെല്ലാം സൃഷ്ടിച്ചു?
2. ദൈവം അവസാനമായി സൃഷ്ടിച്ചത് ആരെ?
3. ദൈവം സൃഷ്ടിച്ച വസ്തുക്കൾ എങ്ങനെയുള്ളതാണ്?
4. ലോകത്തിലെ എല്ലാ സൃഷ്ടവസ്തുക്കളും ദൈവം ആർക്കുവേണ്ടിയാണ് സൃഷ്ടിച്ചത്?

# STD - I

## അദ്ധ്യാപക സഹായി

**പാഠം - രണ്ട്        എല്ലാം സൃഷ്ടിച്ച ദൈവം    ഭാഗം - രണ്ട്**

### ലക്ഷ്യം

ദൈവം സൃഷ്ടിച്ചതിനെയെല്ലാം സ്നേഹിക്കുകയും വളർത്തുകയും വേണം.

### പഠനസഹായികൾ

* പാഠപുസ്തകത്തിലെ പാട്ട്.
* ദൈവത്തിന്റെ സൃഷ്ടവസ്തുക്കളെക്കുറിച്ച് പ്രകീർത്തിക്കുന്ന പാട്ടിന്റെ വീഡിയോ - യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം എല്ലാവർക്കുംവേണ്ടി എല്ലാം സൃഷ്ടിച്ചു.
* മനോഹരങ്ങളായ പൂക്കളും പക്ഷികളും മൃഗങ്ങളും പഴങ്ങളും.
* വീട്ടിൽ പൂച്ചെടികൾ നട്ടുവളർത്തി സത്പ്രവൃത്തികൾ ചെയ്യുക.
* സഹജീവികളെ സ്നേഹിച്ച് വളരാം

### പ്രാർത്ഥന

ദൈവം സൃഷ്ടിച്ച എല്ലാറ്റിനേയും സ്നേഹിക്കുവാനും കരുതുവാനും ഞങ്ങളെ പഠിപ്പിക്കേണമേ.

### ചോദ്യങ്ങൾ

1. കായും കനികളും നൽകി എന്ന പാട്ട് കാണാതെ ചൊല്ലുക.

2. ദൈവത്തിന്റെ സൃഷ്ടികളായ പക്ഷികൾ, മൃഗങ്ങൾ, പഴങ്ങൾ, പൂക്കൾ എന്നിവയുടെ പേരുകൾ പുസ്തകത്തിലെ ചാർട്ടിൽ പൂർത്തിയാക്കുക.

3. ദൈവവചനം പൂർത്തിയാക്കുക: ആദിയിൽ ദൈവം ............... ................ സൃഷ്ടിച്ചു. (ഉത്പ. 1:1)